സ്വകാര്യ പ്രചരണത്തിനുവേണ്ടി മാത്രം

ECHOES
INDIA

ശ്രീ രാം ചന്ദ്ര മിഷൻ®

നവംബർ 2014 വാല്യം 7, ലക്കം 6





# മണപ്പാക്കത്ത്നിന്നുള്ള വാർത്തകൾ

## ആഗസ്റ്റ് 2014

### ഞായർ, ആഗസ്റ്റ് 3

സത്സംഗം നടത്തിയതിനുശേഷം മാസ്റ്റർ ഒരു വിവാഹം നടത്തിക്കൊടുത്തു. സുഖമില്ലാതിരുന്ന സമയത്ത് ധരിക്കേണ്ടി വന്നിരുന്ന കുഴലുകളൊന്നുമില്ലാതെ മാസ്റ്ററെ കാണുകയെന്നത് ഹൃദ്യമായ കാര്യമായിരുന്നു. അദ്ദേഹം ആരോഗ്യം വീണ്ടെടുക്കുന്നു വെന്നതിന്റെ സൂചനയാണിത്. മാസ്റ്റർ തന്റെ ഓഫിസ്സിലേയ്ക്ക് പോയപ്പോൾ കുറെ അഭ്യാസികൾ അദ്ദേഹത്തിന്റെ കൂടെ നിന്ന് ഫോട്ടോയെടുത്തു. ലാഘവമേറിയതും ഉത്സവച്ഛായ നിറഞ്ഞതുംആയിരുന്നു ആ നിമിഷങ്ങളത്രയും. എന്നാലതിനുശേഷം ഏറെ ക്ഷീണിതനായ മാസ്റ്റർ വിശ്രമിച്ചു.

വൈകുന്നേരം, അദ്ദേഹം ഹിപ്നോസിസിനെക്കുറിച്ചുള്ള 'സംവേർ ഇൻ ടൈം', എന്ന മനോഹരമായ ഒരു സിനിമ കണ്ടു. ഒൻപത് മണിക്കാരംഭിച്ച, രണ്ട്മണിക്കൂർ നീണ്ട സിനിമ മുഴുവനും അദ്ദേഹം വീക്ഷിച്ചു.

ഈയാഴ്ചയിൽ മാസ്റ്ററുടെ ദിനചര്യയിങ്ങനെയായിരുന്നു: രാവിലെ ആറുമണിക്കുണരുന്ന അദ്ദേഹം ഫിസിയോതെറാപ്പിക്ക് ശേഷം തന്റെ ചെയറിൽ ഓഫിസ്സിലെത്തും. പ്രാതൽ കഴിക്കുമ്പോൾ മാസ്റ്റർ പത്രം വായിച്ച് കേൾക്കും. അതിനുശേഷം അദ്ദേഹം കുറച്ച്സമയം വെയിൽകായാനിരിക്കും.

നാലാം തീയ്യതി രാവിലെ ഏകദേശം 8.45ന് വെളിയിൽ വന്ന അദ്ദേഹം അവിടെ സന്നിഹിതരായിരുന്ന ഏതാനും അഭ്യാസികൾക്ക് ഹ്രസ്വമായ ഒരു സിറ്റിംഗ് നൽകി. അകത്തേക്ക്പോയ മാസ്റ്റർ ബെംഗളൂരുവിൽനിന്നുള്ള അഭ്യാസിയായ ഒരു ഡോക്ടറുടെ ടിവി ഇൻറർവ്യൂ കണ്ടു. അദ്ദേഹം ആ പരിപാടി താത്പര്യത്തോടെ അരമണിക്കൂറിലധികം വീക്ഷിച്ചു. അതിനുശേഷം അദ്ദേഹം മൈക്കൽ സാൻഡെലിന്റെ 'ജസ്റ്റിസ്' എന്ന പരിപാടിയുടെ ഒരു എപ്പിസോഡ് കണ്ടുകയും തന്റെ ഇഷ്ട പരിപാടികളിലൊന്നാണതെന്ന് പറയുകയും ചെയ്തു.

### 5–7 ആഗസ്റ്റ് 2014

മാസ്റ്ററുടെ പ്രാതലിന്ശേഷം ഒരു സഹോദരി പറഞ്ഞു, "മാസ്റ്റർ, ഞാനങ്ങയിൽ നിന്ന് വളരെ ദൂരെയാണുള്ളതെങ്കിലും അങ്ങ് എന്റെകൂടെയില്ല എന്നൊരിക്കൽപോലും എനിക്ക് തോന്നിയിട്ടില്ല." മാസ്റ്റർ പറഞ്ഞു, "അതെ, അതാണ് നിരന്തരസ്മരണയുടെശക്തി. നമ്മൾ എവിടെയോ ആയിക്കൊള്ളട്ടെ, മാസ്റ്റർ എപ്പോഴും നമ്മുടെ കൂടെയുണ്ട്."

പ്രാതലിനുശേഷം മാസ്റ്റർ പുറത്ത്വന്ന് ദീർഘനേരം വെയിൽ കാഞ്ഞു. സഹോദരൻ ജാക്കിയോട് മാസ്റ്റർ ഗാസയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തെക്കുറിച്ചാരാഞ്ഞു. ഇസ്രായേലും പാലസ്തീനും തമ്മിലുള്ള സംഘർഷത്തിന്റെ ചരിത്രത്തെപ്പറ്റിയറിയാനും അദ്ദേഹം താത്പര്യം പ്രകടിപ്പിച്ചു. ജാക്കി ഉയർത്തിക്കാട്ടിയ വിവിധവശങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട മാസ്റ്റർ പറഞ്ഞു, "ഇങ്ങനെയുള്ള പല യുദ്ധങ്ങളുടെയും മുഖ്യകാരണങ്ങളിലൊന്ന് മതമാണ്." പതിനൊന്നരയോടെ മാസ്റ്റർ അകത്തേക്ക് പോയി.

ആറാം തീയ്യതി രാവിലെ തന്നെക്കാണാൻ വന്ന ഒരഭ്യാസിയോട് മാസ്റ്റർ പറഞ്ഞു, "താങ്കൾ സത്സംഗങ്ങളിൽ പങ്കെടുക്കുന്നില്ലെന്ന് ഞാൻ കേട്ടല്ലോ, എന്തുപറ്റി?" അഭ്യാസി മറുപടി പറഞ്ഞില്ല. അപ്പോൾ മാസ്റ്റർ പറഞ്ഞു, "സേവനം ചെയ്താൽ മാത്രം മതിയെന്ന് വിചാരിക്കരുത്. കർത്തവ്യബോധത്തിലൂന്നിമാത്രമാണ് നാം സേവനം ചെയ്യുന്നത്, എന്നാലത് നമ്മെ മുന്നോട്ട് നയിക്കില്ല. അഭ്യാസികൾ നിർബന്ധമായും സാധന കൃത്യതയോടെ ചെയ്യേണ്ടതാണ്." ഒരഭ്യാസി വാങ്ങിയ പുതിയൊരു കാർ കാണുവാൻ ഏഴാം തീയ്യതി മാസ്റ്ററെത്തി. കാറിനകത്തുള്ള വിവിധതരം നിയന്ത്രണ സംവിധാനങ്ങളെപ്പറ്റി അദ്ദേഹം ചോദിച്ചറിഞ്ഞു. സാധനങ്ങൾ വെക്കാനുള്ള കാറിന്റെ പിറകിലെ സ്ഥലത്തിന്റെ വലിപ്പം മാസ്റ്ററിൽ മതിപ്പുളവാക്കി. പിന്നീടദ്ദേഹം ഒൻപത്മണിയുടെ സത്സംഗത്തിനനുസൃതമായി എല്ലാവർക്കും ഒരു സിറ്റിംഗ് നൽകി.

**വിസ്പേർസിനെക്കുറിച്ചുള്ള സംവാദം:** ഒൻപതാം തീയ്യതി മാസ്റ്റർ വിസ്പേർസ് സന്ദേശങ്ങളടങ്ങിയ പുസ്തകത്തിന്റെ ഒരു കോപ്പി പരിശോധിക്കുകയായിരുന്നു. അതിലെ ചില ശകലങ്ങൾ ഒരഭ്യാസി വായിച്ചപ്പോൾ മാസ്റ്ററത് ശ്രദ്ധാപൂർവ്വം



കേട്ടിട്ട് ഇങ്ങനെ പറഞ്ഞു, "'ഹൈറാർക്കീ(അധികാരശ്രേണി)' എന്ന പദം ഏറെക്കാലം മുമ്പേതന്നെ ഞാനുപയോഗിച്ചിരുന്നു, ആ വാക്ക് തന്നെ ബാബുജി ഇപ്പോൾ വിസ്പേർസിൽ ഉപയോഗിക്കുന്നു!". ഇതെല്ലാവരിലും ചിരിയുണർത്തി.

പതിനെട്ട്വയസ്സിൽ താഴെ പ്രായമുള്ള 4 ആൺകുട്ടികളും പെൺകുട്ടികളും സാധന തുടങ്ങാൻ താത്പര്യപ്പെട്ടിരുന്നു. അവർക്കെല്ലാവർക്കും സിറ്റിംഗ് നൽകുവാൻ മാസ്റ്റർ അത്യുത്സുകനായിരുന്നു. എന്നാൽ മാസ്റ്റർ വളരെ ക്ഷീണിതനായിരുന്നതിനാൽ കമലേഷ് ഭായ് അവർക്ക് സിറ്റിംഗ് നൽകാൻ തയ്യാറായി.

ആഗസ്റ്റ് പത്താം തീയ്യതി **രക്ഷാബന്ധൻ** ആയിരുന്നു. ആറരയ്ക്കുണർന്ന മാസ്റ്ററുടെ കൈയ്യിൽ മൊറാദാബാദിൽ നിന്നുവന്ന ഒരു സഹോദരി രാഖി കെട്ടിക്കൊടുത്തു. മാസ്റ്ററുടെ കുടുംബാംഗങ്ങൾ വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം നല്ല ഉത്സാഹത്തിലായിരുന്നു. കമലേഷ് ഭായ് ധ്യാനമന്ദിരത്തിൽ സത്സംഗം നടത്തുമ്പോൾ മാസ്റ്റർ പ്രാതൽ കഴിച്ചു. പത്രം വായിച്ചുകേൾപ്പിക്കുമ്പോൾ മാസ്റ്റർ കണ്ണടച്ചിരുന്നത് ശ്രദ്ധിച്ചു. സത്സംഗം അവസാനിച്ചയുടനെ അദ്ദേഹം അകത്തേക്ക്പോകാൻ താത്പര്യപ്പെട്ടു.

പിന്നീടദ്ദേഹം പുറത്തേക്ക്വന്ന് വെയിൽ കായാനിരുന്നു. എല്ലാവരും അദ്ദേഹത്തിനു ചുറ്റും മൗനത്തിലിരുന്നു. ചില സഹോദരിമാർ മുന്നോട്ട്വന്ന് മാസ്റ്ററുടെ കൈയ്യിൽ രാഖി അണിയിച്ചു.

## വ്യാഴാഴ്ച, 14 ആഗസ്റ്റ് 2014

പ്രാതലും പത്രപാരായണവും കഴിഞ്ഞ് മാസ്റ്റർ കുറെ അഭ്യാസികളെ കാണുകയും അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ചൈനയിൽനിന്നുള്ള ഒരു സഹോദരി ചൈനീസ്ഭാഷയിൽ മാസ്റ്ററോടിങ്ങനെ പറഞ്ഞു, "ഈ പ്രഭാതത്തിൽ അങ്ങയെ കാണാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു". "നിങ്ങളെ ഇന്ന് കാലത്ത് കാണുവാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്, എല്ലാ ഭാഷയിലും." എന്ന് അദ്ദേഹം പറഞ്ഞത് ഏവരിലും ചിരിയുളവാക്കി. നന്നേ അവശനായിരുന്നിട്ടുകൂടി ഇത് പോലുള്ള സരളസം ഭാഷണങ്ങളിലൂടെ മാസ്റ്റർ അന്തരീക്ഷം ദീപ്തമാക്കുന്നു. വേറൊരു സഹോദരി, താൻ ഇന്ന് മടങ്ങിപ്പോവുകയാണെന്നും ജീവിതത്തിലെല്ലായ്പ്പോഴും പിന്തുടരാൻ പറ്റിയ ഒരു സന്ദേശം നൽകണമെന്നും മാസ്റ്ററോട് പറഞ്ഞു. മാസ്റ്റർ പറഞ്ഞു, "അദ്ദേഹം സ്നേഹിക്കുന്നവരെയെല്ലാം സ്നേഹിക്കുക." ലാലാജി മഹരാജി ൻെറ മഹാസമാധി ദിനമായിരുന്നു അന്ന്.

ക്ഷീണിതനായി രുന്നതിനാൽ മാസ്റ്റർ കോട്ടേജിലുള്ളവർക്കായ് ഒരു ഹ്രസ്വസത്സംഗം മാത്രം നടത്തി. കമലേഷ് ഭായ് രാവിലെ 9 മണിക്ക് ധ്യാനമന്ദിരത്തിൽ സത്സംഗം നടത്തി. സത്സംഗത്തിന്ശേഷം വായിച്ച വിസ്പേർസ് സന്ദേശത്തിൽ ആ ദിവസത്തിൻെറ പ്രാധാന്യത്തെ ക്കുറിച്ചും സ്മരണയിൽമുഴുകി ആ ദിവസം എങ്ങനെ കഴിച്ചുകൂട്ടണമെന്നതിനെക്കുറിച്ചും പ്രതിപാദിച്ചിരുന്നു.

## വെള്ളിയാഴ്ച, 15 ആഗസ്റ്റ് 2014

അന്നേദിവസം ഇന്ത്യയുടെ സ്വാതന്ത്ര്യ ദിനമായതിനാൽ, സോണൽ ഇൻ ചാർജ്ജ് വിനീത് റണാവത്ത് രാവിലെ ആറരയ്ക്ക് ധ്യാനമന്ദിരത്തിനു സമീപം പതാകയുയർത്തി. കമലേഷ് ഭായ് രാവിലെ 9 മണിക്ക് സത്സംഗം നടത്തിയതിനുശേഷം ഒരു വിവാഹം നടത്തിക്കൊടുത്തു. മാസ്റ്റർ കുറച്ച് ദിവസങ്ങളായി അവശനായിരുന്നു. അദ്ദേഹം വീണ്ടും അസുഖബാധിതനാകുമെന്ന് തോന്നിച്ചിരുന്നു. എന്നാൽ ഡോക്ടർമാർ പ്രശ്നം നേരത്തെ കണ്ടെത്തി ചികിത്സ തുടങ്ങിയതിനാൽ അസുഖം മാസ്റ്ററെ ബാധിച്ചില്ല.

## ഞായറാഴ്ച, 31 ആഗസ്റ്റ് 2014

രാവിലെ ഏഴരയ്ക്കെഴുന്നേറ്റ മാസ്റ്റർ ഇ-മെയിലുകൾ പരിശോധിച്ചു. പ്രാതലിനുശേഷം അദ്ദേഹം ദീർഘനേരം പത്രം വായിച്ച്കേൾക്കാനിരുന്നു. ഇതിനുശേഷം വളരെ ക്ഷീണിതനായ മാസ്റ്റർ തൻെറ കിടപ്പ്മുറിയിലേക്ക് പോയി. എല്ലാവരും അദ്ദേഹം വിശ്രമിക്കുമെന്ന് കരുതിയിരുന്നെങ്കിലും ഏവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് മാസ്റ്റർ പുറത്ത്വരികയും തണലത്തിരിക്കുകയും ചെയ്തു. വിവിധ വിഷയങ്ങളെക്കുറിച്ചദ്ദേഹം ദീർഘനേരം ചർച്ചചെയ്തു. ഒരഭ്യാസി പറഞ്ഞു, "മാസ്റ്റർ, സ്നേഹം ഒരു ബലമാണെന്ന് ഞാനൊരിക്കലും കരുതി യിരുന്നില്ല. സഹജമാർഗ്ഗത്തിൽ വന്നതിനുശേഷം മാത്രമാണ്, എത്ര ഫലപ്രദമാണ് സ്നേഹം എന്നെനിക്ക് മനസ്സിലാക്കാൻ സാധിച്ചത്." ആശ്രമങ്ങളെക്കുറിച്ച് പരാമർശിച്ച്കൊണ്ട് മാസ്റ്റർ പറഞ്ഞു, "മുപ്പതോ അതിലധികമോ അഭ്യാസികൾ ഉള്ളയിടത്തെല്ലാം ആശ്രമമുണ്ടാവണം എന്നാണ് ഞാനാഗ്രഹിക്കുന്നത്. കാരണമെന്തെന്നാൽ അപ്പോൾ മറ്റൊരാളുടെ വീട്ടിൽ സിറ്റിംഗിനുപോകാൻ മടിയുള്ളവർക്ക് ആശ്രമത്തിൽവെച്ച് തന്നെ സിറ്റിംഗുകളെടുക്കാം."









## സപ്തംബർ 2014

### വെള്ളിയാഴ്ച, സപ്തംബർ 12:

### ദ്വാരക അപ്പാർട്ട്മെൻറ്സിലെ താമസം:

ആശ്രമത്തിൻെറ പിറകിലുള്ള ദ്വാരക അപ്പാർട്ട്മെൻറ്സിൽ സ്ഥിതിചെയ്യുന്ന തൻെറ അപ്പാർട്ട്മെൻറിൻെറ ഉദ്ഘാടനം നിർവ്വഹിക്കാൻ മാസ്റ്റർ ചെന്നു. രാവിലെ ചാറ്റൽ മഴയുണ്ടായിരുന്നിട്ട് കൂടി മാസ്റ്റർ തയ്യാറായി ഗോൾഫ്കാർട്ടിൽ അവിടേയ്ക്ക് പോയി. അവിടെക്കൂടിയിരുന്ന എല്ലാവർക്കും അദ്ദേഹം സത്സംഗം നടത്തി. സിറ്റിംഗിനുശേഷം ഏറെ ക്ഷീണിത നായിരുന്നെങ്കിലും ക്ഷണിക്കപ്പെട്ട അതിഥികൾക്ക് ഉപഹാരങ്ങൾ നൽകിക്കഴിയുന്നത് വരെ മാസ്റ്റർ അവിടെ തുടർന്നു.

ഡോക്ടർമാർ അദ്ദേഹത്തിൻെറ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് വിശ്രമിക്കുവാൻ ഉപദേശിച്ചെങ്കിലും, അദ്ദേഹം തൻെറ ഇച്ഛാശക്തി യുപയോഗിച്ച് കൊണ്ട് എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി. അതിനുശേഷം മാത്രമെ അദ്ദേഹം വിശ്രമത്തിനായി വിരമിച്ചുള്ളൂ.

വൈകുന്നേരം മാസ്റ്റർ എകദേശം മുപ്പത് അഭ്യാസിക ളുമൊത്ത് കുറച്ച് നേരം പുറത്ത് വന്നിരുന്നു. അതിനുശേഷം അദ്ദേഹം അകത്തേക്ക് പോയി. അധികം വൈകാതെ തന്നെ അദ്ദേഹം ഉറങ്ങുവാനും പോയി.

**ശനിയാഴ്ച്ച, 13 സപ്തംബർ:** മാസ്റ്റർ കോട്ടേജിലേക്ക് തിരികെ വന്നു. പക്ഷെ വളരെ ക്ഷീണിത നായിരുന്നതിനാൽ അന്നത്തെ ദിവസം മുഴുവനും അദ്ദേഹം വിശ്രമിച്ചു.

**15–19 സപ്തംബർ:** ആ വാരം മുഴുവനും മാസ്റ്റർ മിക്കവാറും വിശ്രമത്തിലായിരുന്നു. ചില സമയങ്ങ ളിൽ, പ്രാതലിനോ ഉച്ചഭക്ഷണത്തിനോ വേണ്ടി മാത്രം തൻെറ കാര്യാലയത്തിലേക്ക് വന്നതിനുശേഷം തൻെറ കിടപ്പ് മുറിയിലേക്ക് തിരിച്ച് പോകുമായിരുന്നു. അദ്ദേഹത്തിനു ആരേയും കാണുവാൻ സാധിക്കാത്തതിനാൽ കോട്ടേജിലേക്ക് അദ്ദേഹത്തെ കാണുവാനായി വരുന്ന അഭ്യാസികളെ പരിമിതപ്പെടുത്തിയിരുന്നു. എന്നിരുന്നാലും അദ്ദേഹം കാര്യാലയത്തിലേക്ക് വരുന്ന സമയത്ത് ഏതെങ്കിലും അഭ്യാസികളുണ്ടെങ്കിൽ അവരുമായി കുറച്ച് സമയം ചിലവിടുമായിരുന്നു. ചെന്നൈയിലെ കാലാവസ്ഥ, കോട്ടേജിൽ നിലനിന്നിരുന്ന, അധികം ചലനങ്ങളൊന്നുമില്ലാത്തൊരു ഗൗരവാന്തരീക്ഷത്തെ പ്രതിഫലിപ്പിക്കും വിധം, മിക്കവാറും മേഘാവൃതവും മഴയോടു കൂടിയുമായിരുന്നു. ചുരുക്കത്തിൽ ഈ മാസം മുഴുവനും മാസ്റ്റർ കോട്ടേജിൽ തന്നെയായിരുന്നു.

പല പ്രഭാതങ്ങളിലും പ്രാതലിനും പത്രപാരായണത്തിനും ശേഷം, മാസ്റ്റർ പുറത്ത് വന്നിരുന്ന് സഹോ. എലിസബത്തിനെകൊണ്ട് ബാബുജി മഹരാജിൻെറ കത്തുക ളും ലേഖനങ്ങളും വായിപ്പിച്ചു കേൾക്കുമായിരുന്നു. മിഷൻെറ പുതിയൊരു പ്രസിദ്ധീകരണത്തിനായി അവർ ഇതെല്ലാം സമാഹരിക്കുന്നുണ്ട്. സാധാരണ ക്ഷീണിതനായും ഉറക്കച്ചടവോടെയുമാണ് അദ്ദേഹം പുറത്ത് വെയിലത്ത് വന്നിരിക്കാറുള്ളതെങ്കിലും സഹോ. എലിസബത്ത് ബാബുജിയുടെ ലേഖനങ്ങൾ വായിച്ചു തുടങ്ങുമ്പോഴേക്കും അദ്ദേഹം അതിൽ ആണ്ടുപോയിരിക്കും. ചുറ്റുമുള്ള അഭ്യാസികളും തങ്ങളുടെ മിഴികൾ പൂട്ടി നിശബ്ദരായിരിക്കുന്നതിനാൽ അവിടെ പ്രശാന്തമായ അന്തരീക്ഷമാകും. വായന തീരുമ്പോഴേക്കും മാസ്റ്റർ അക്ഷരാർത്ഥത്തിൽ പ്രകാശിക്കുന്നത് കാണുവാൻ സാധിക്കുമായിരുന്നു. തുടർന്നദ്ദേഹം തൻെറ മുറിയിലേക്കുള്ള മടക്കയാത്രയിൽ വളരെ സന്തോഷവാനായി അഭ്യാസികളെ കാണുമായിരുന്നു. അദ്ദേഹത്തിൻെറ പതിവു ദിനചര്യയിൽ നിന്നും സ്വാഗതാർഹമായൊരു മാറ്റമായിരുന്നു അത്.





## 'ഒരുമിച്ച്' – ആഫ്രിക്കൻ സെമിനാർ

**13 – 21, ആഗസ്റ്റ് 2014**

അംഗോള, കാമറൂൺ, കോംഗൊ, ഐവറി കോസ്റ്റ്, ഗബോൺ എന്നീ ഫ്രഞ്ച് സംസാരിക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള 12 അഭ്യാസികൾ മണപ്പാക്കത്ത് എത്തിയത് ഒരാഴ്ച നീണ്ടു നിൽക്കുന്ന സെമിനാറിൽ പങ്കെടുക്കുവാനായിരുന്നു. 'ഒരുമിച്ച്' എന്ന ആശയത്തിലൂന്നിയുള്ള തിരഞ്ഞെടുത്ത ചില വിസ്പെർസ് സന്ദേശങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ഐവറി കോസ്റ്റിൽ നിന്നുള്ള ഒരു സഹോദരിയേയും അംഗോളയിൽ നിന്നുള്ള ഒരു സഹോദരനേയും മാസ്റ്റർ പ്രിഫക്റ്റുകളാക്കി.

സെമിനാർ കഴിയുന്ന ദിവസം ഇതിൽ പങ്കെടുത്ത എല്ലാവരേയും മാസ്റ്റർ കോട്ടേജിനുള്ളിൽ സ്വീകരിച്ച് ഒരു സിറ്റിംഗ് നൽകി. അത് തീവ്രവും ഗാഢവുമായിരുന്നു. ചോദ്യോത്തര വേളയിൽ പങ്കെടുത്ത ഇവർക്ക് സാധനയുടെ പ്രധാന വശങ്ങളെക്കുറിച്ച് കമലേഷ് ഭായ് വിശദീകരിച്ചു കൊടുത്തു. അദ്ദേഹം സംസാരിച്ചു കഴിഞ്ഞപ്പോഴേക്കും എല്ലാ അഭ്യാസികൾക്കും വളരെ ഉയർന്ന നിലയിലുള്ള ആദ്ധ്യാത്മിക അനുഭൂതി അനുഭവമായി.

## ഓണാഘോഷം

6 – 8, സപ്തംബർ, 2014

കേരളത്തിൽ നിന്നും മുന്നൂറ്റമ്പതോളം അഭ്യാസികൾ മാസ്റ്ററോടൊപ്പം ഓണമാഘോഷിക്കുവാനായി മണപ്പാക്കത്തെത്തി. സപ്തംബർ 7നു തിരുവോണദിനത്തിൽ കോട്ടേജിനു മുൻപിൽ പൂക്കളമൊരുക്കുന്നതു കാണുവാൻ മാസ്റ്റർ എത്തുകയും ഓണാശംസകൾ നേരുകയും ചെയ്തു. ജാതിമത, സാംസ്കാരിക, ഭാഷാന്തരങ്ങൾക്കുമപ്പുറം ഒത്തൊരുമയുണ്ടാവേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. സന്നദ്ധപ്രവർത്തകർ ഓണ സദ്യയൊരുക്കി സത്സംഗത്തിനെത്തിയ മൂവായിരത്തോളം അഭ്യാസികൾക്ക് വിതരണം ചെയ്തു. സഹോദരികൾ അവതരിപ്പിച്ച കലാപരിപാടികൾ കോട്ടേജിലിരുന്ന് മാസ്റ്റർ ആസ്വദിച്ചു. എട്ടാം തിയ്യതി ഒരുക്കിയ പുതിയ പൂക്കളം കാണുവാൻ മസ്റ്റർ എത്തുകയും മലയാളി അഭ്യാസികളുമായി സംവദിക്കുകയും ചെയ്തു.

## തമിഴ്നാട്ടിലേയും കർണാടകത്തിലേയും പ്രിഫക്റ്റുമാരുടെ സെമിനാർ

23 – 27, സപ്തംബർ 2014

അഞ്ചു ദിവസം നീണ്ടു നിന്ന ഈ സെമിനാറിൽ നാനൂറോളം പ്രിഫെക്റ്റുകൾ പങ്കെടുത്തു. കമലേഷ് ഭായ് 4 ദിവസം രാവിലെ 9 മണിയ്ക്ക് സത്സംഗം നടത്തുകയും അഭിസംബോധന ചെയ്യുകയും, പ്രിഫെക്റ്റുകൾ ഉന്നയിച്ച ചില പ്രധാന സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. മൂന്നാം ദിവസം മാസ്റ്റർ ഇവരുമായി സംവദിക്കുകയും 'വിനയം' എന്ന വിഷയത്തെ കുറിച്ച് സംസാരിക്കുകയും ചെയ്തു. വിനയമെന്നാൽ ആന്തരികവും ബാഹ്യവുമായ അവസ്ഥ ഒരേപോലെ ആവുകയും അവനവനോടു തന്നെ സത്യസന്ധത പുലർത്തുകയുമാണെന്ന് മാസ്റ്റർ പറഞ്ഞു. പ്രിഫക്റ്റ്, മുതിർന്ന പ്രിഫക്റ്റ്, മിഷന്റെ സെക്രടറി, പ്രസിഡന്റ് എന്നീ പദവികളെ കുറിച്ചുള്ള വിചാരം തന്നിലുദിച്ചിരുന്നില്ല എന്നും ബാബുജിയുടെ ഒരു ശിഷ്യനാണെന്നേ എപ്പോഴും തോന്നിയിട്ടുള്ളൂ എന്നും മാസ്റ്റർ പറഞ്ഞു. മുഴുവൻ സമയവും മിഷൻ പ്രവൃത്തികളിൽ ശ്രദ്ധ ചെലുത്തിയതും ബാബുജിയെ കാണാൻ പോകുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ മുഖത്തു കാണുന്ന പുഞ്ചിരിയിൽ മാത്രം സന്തോഷം കണ്ടെത്തുന്നതുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. മാസ്റ്ററുടെ ജീവിതത്തിൽ ഇതു തന്നെയായിരുന്നു ഏറ്റവും വലിയ ബഹുമതിയും.

സെമിനാർ ദിവസങ്ങളിൽ പ്രിഫക്റ്റുകളുമായി ചേർന്നിരിക്കാൻ കഴിഞ്ഞില്ലെങ്കിലും സംഘാടകരിൽ നിന്നും അന്നന്നത്തെ പുരോഗതി മനസ്സിലാക്കുവാൻ മാസ്റ്റർ ശ്രദ്ധിച്ചിരുന്നു. പ്രിഫക്റ്റുമാർ മാതൃകകളാവേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് മാസ്റ്റർ ഒരനൗപചാരിക സംഭാഷണത്തിൽ സൂചിപ്പിക്കുകയുണ്ടായി. "മാസ്റ്ററെ ഉള്ളിൽ നിറക്കുക, അദ്ദേഹത്തിന്റെ ചിന്തകളെ പുറത്ത് പ്രതിഫലിപ്പിക്കുക" എന്ന ചൊല്ല് നമുക്കെല്ലാം സ്വന്തം ജീവിതത്തിൽ പ്രയോഗിക്കുവാനും പുലർത്തുവാനുമുള്ളതാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

കമലേഷ് ഭായിയുടെ ഉദ്ഘാടന പ്രഭാഷണം











അഭ്യാസികളുമായുള്ള പ്രിഫെക്റ്റുകളുടെ പെരുമാറ്റം എങ്ങനെയായിരിക്കണമെന്നതിൽ ഊന്നിയതായിരുന്നു. തുടക്കത്തിലുള്ള അനുഭവം അഭ്യാസികളെ മിഷനിൽ തുടരാൻ പ്രേരിപ്പിക്കുന്ന ഒരു പ്രധാനഘടകമാണ്. തുടർന്നുള്ള ദിവസങ്ങളിൽ കമലേഷ് ഭായ്, അഭ്യാസിയുടെ നില എപ്രകാരം മനസ്സിലാക്കാം, വിസ്പേർസിൻെറ പ്രാധാന്യം, പതിവായും തീവ്രമായുമുള്ള സാധനകൊണ്ട് ഇന്നത്തെ ലോകത്തിൽ മാറ്റം കൊണ്ടുവരുന്നതിൽ അഭ്യാസികൾക്കുള്ള പങ്ക് എന്നീ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. തുടർന്ന് അദ്ദേഹം സ്വീകാര്യതയേക്കുറിച്ച് പറഞ്ഞു – എപ്രകാരമാണ് വിനയം, ആത്മാർത്ഥത, സത്യസന്ധത എന്നിവ സ്വീകാര്യതയെ സഹായിക്കുന്നത് എന്ന് വിശദീകരിച്ചു – പക്ഷെ ദൗർഭാഗ്യവശാൽ, നമ്മൾ മുൻവിധി, വൈരാഗ്യം, വിമർശനം എന്നീ വലിയ ഭാരങ്ങൾ ചുമക്കുന്നു. മറ്റുള്ളവരോട് ക്ഷമയോടുകൂടിപെരുമാറാൻ നാം പഠിക്കണം. അത് നമ്മെ സ്വീകാര്യരാക്കാൻ സഹായിക്കും. മാതൃഭാഷ മാത്രം അറിയാവുന്ന പ്രിഫെക്റ്റുകളുടെ സൗകര്യത്തിനായി മാസ്റ്ററുടേയും കമലേഷ് ഭായിയുടേയും എല്ലാ പ്രഭാഷണങ്ങളും തമിഴിലേക്കും കന്നഡയിലേക്കും തർജ്ജമ ചെയ്യപ്പെട്ടു. സംഘം ചേർന്നുള്ള ചർച്ചകളും വ്യക്തിഗത സിറ്റിങ്ങുകളും പലവിധത്തിലുള്ള സന്നദ്ധ സേവനങ്ങളും നടത്തിയതിൽനിന്ന് സംഘം ചേർന്നുള്ള ജോലികൾ എപ്രകാരം ആസ്വദിക്കാം എന്ന് ഒരോ പങ്കാളിയും പഠിച്ചു.

## ഒക്ടോബർ 2014

### ചൈനീസ് സെമിനാർ

2–6 ഓക്ടോബർ, 2014

മണപ്പാക്കത്തിൽ നടന്ന സെമിനാറിൽ ചൈന മുഖ്യഭൂഖണ്ഡത്തിൽനിന്ന് 113 അഭ്യാസികളും, തുർക്കിയിൽനിന്ന് മൂന്നു അഭ്യാസികളും, തെക്കെ അഫ്രിക്കയിൽനിന്ന് 16 അഭ്യാസികളും പങ്കെടുത്തു. ആ സെമിനാറിൽ കമലേഷ് ഭായ് മൂന്നു ദിവസവും സംസാരിക്കുകയും ഒക്ടോബർ അഞ്ചാം തീയ്യതി പങ്കെടുത്തവർക്കായി നടത്തിയ ചോദ്യോത്തരവേള നയിക്കുകയും ചെയ്തു. പ്രചോദനപരമായ യോഗങ്ങളെല്ലാം തന്നെ എല്ലാവരും അഭിനന്ദിക്കുകയും ആസ്വദിക്കുകയും ചെയ്തു. തദവസരത്തിൽ ചൈനയിലേയും തെക്കെ അഫ്രിക്കയിലേയും പ്രിഫെക്റ്റുകളുമായി അദ്ദേഹം രണ്ട് യോഗങ്ങൾ നടത്തുകയും വിലപ്പെട്ട പല വിവരങ്ങൾ കൈമാറുകയും ചർച്ച ചെയ്യുകയും ചെയ്തു.

അവസാനത്തെ വൈകുന്നേരത്തിൽ ലൈബ്രറി ഹാളിനുമുകളിൽ ചൈനീസ് അഭ്യാസികളൊരുക്കിയ പ്രത്യേക ചൈനീസ് അത്താഴം എല്ലാവരും ആസ്വദിച്ചു. കമലേഷ് ഭായ് മുഖ്യ അതിഥി ആയിരുന്നു. എല്ലാ ദിവസത്തേയും വൈകുന്നേരത്തെ സത്സംഗത്തിനുശേഷം കോട്ടേജിലെ ഉദ്യാനത്തിൽ മാസ്റ്ററുടെ കൂടെ അഭ്യാസികൾക്ക് സൗമ്യമായ കുറച്ച് വിലയേറിയ സമയം ചെലവഴിക്കാൻ പറ്റിയിരുന്നു. അഞ്ചു ദിവസത്തെ സെമിനാറിനുശേഷം 65 ചൈനീസ് അഭ്യാസികൾ ഒക്ടോബർ 7 മുതൽ 11 വരെ സത്കോൽ ഹിമാലയൻ ആശ്രമം സന്ദർശിച്ചു.








## ഒന്നാംവാർഷികാഘോഷ പരിപാടികൾ, വി ജി ടി എം റീജ്യണൽ ആശ്രമം, ആന്ധ്രപ്രദേശ്

വളരെ ഭക്തിയോടും ഉത്സാഹത്തോടും കൂടിയാണ് സപ്തംബർ 7 നു അവിടത്തെ അഭ്യാസികൾ ഇത് ആഘോഷിച്ചത്. അഞ്ചു സെൻററുകളിൽ നിന്നും, 20 സബ് സെൻററുകളിൽ നിന്നുമായി ഏകദേശം 1000 അഭ്യാസികളുടെ പങ്കാളിത്തം കൊണ്ട് അത് ചെറിയ ഒരു ഭണ്ഡാരയ്ക്ക് തുല്യമായി. മൂന്നു സത്സംഗങ്ങളും നിരവധി പ്രഭാഷണങ്ങളും തദവസരത്തിൽ ഉണ്ടായിരുന്നു. വിജയവാഡ, ഗുണ്ടൂർ എന്നീ സെൻററുകളിലെ കുട്ടികൾ അവതരിപ്പിച്ച ദിവ്യസ്നേഹത്തിൻേറയും ഭക്തിയുടേയും സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന സ്കിറ്റുകളും ഭഗവാൻ ശ്രീകൃഷ്ണനേയും ഗോപികമാരേയും ചിത്രീകരിക്കുന്ന നൃത്തങ്ങളും, അഭ്യാസികളുടെ ഭക്തിനിർഭരമായ കവിതകളും ഗാനാലാപനവും പങ്കെടുത്തവരുടെ ഹൃദയങ്ങളിൽ ഉജ്ജ്വലദീപ്തി നിറച്ചു.

## സഹജമാർഗ പ്രശ്നോത്തരി, നവ്സാരി, ഗുജറാത്ത്

2014 ഒക്റ്റോബർ 5 നു നവ്സാരി സെൻററിൽ ഒരു സഹജമാർഗ പ്രശ്നോത്തരി സംഘടിപ്പിച്ചു. ഇതു ഇന്ത്യയിലെ വളരെ പ്രചാരം നേടിയ ടെലിവിഷൻ ഷോ ആയ "കോൻ ബനേഗ ക്രോർപതി" എന്ന പരിപാടി ശൈലിയിലുള്ളതായിരുന്നു. അഭ്യാസികളുടെ ഇടയിൽ കൂടുതൽ ഉത്സാഹം ഉളവാക്കാനായിരുന്നു ഈ ആശയം, തത്ഫലമായി നൂതനവും ആകർഷകവുമായ ചോദ്യോത്തരഘടന ഉടലെടുത്തു അഭ്യാസിസഹോദരങ്ങൾ ഒരു കമ്പ്യൂട്ടർ പ്രോഗ്രാം തയ്യാറാക്കിയിരുന്നു എല്ലാ ചോദ്യങ്ങളും മിഷനേയും സഹജമാർഗ്ഗ സാധനയേയും ആധാരമാക്കിയുള്ളതായിരുന്നു. പങ്കെടുക്കുവാൻ താൽപര്യമുള്ളവരിൽ നിന്നും 9 പേരെ തിരഞ്ഞെടുത്തു. ആകെ 13 ചോദ്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. അവിടെ കൂടിയിരുന്ന ഓരോരുത്തരും അതിൽ അത്യുത്സാഹപൂർവ്വം പങ്കെടുത്തു. മിഷൻെറ പുസ്തകങ്ങൾ, മാസ്റ്ററുടെ ഫോട്ടോ, മിഷൻെറ സിഡി, ഡിവിഡി എന്നിവയാണു സമ്മാനങ്ങളായി കൊടുത്തത്.




## സേവനസന്നദ്ധരാവുക, നന്ദ്യാൽ ആശ്രമം, ആന്ധ്രപ്രദേശ്

സപ്തംബർ 12 മുതൽ 14-ാം തിയ്യതി വരെ സോണിൽ ഉടനീളം ഉള്ള 170 പേർ അടങ്ങുന്ന ഒരു സംഘത്തിനായി മൂന്നു ദിവസത്തെ ഒരു ഒത്തു ചേരൽ സംഘടിപ്പിച്ചിരുന്നു. പ്രത്യേകം നിർമ്മിച്ച ഒരു പദ്ധതിയിലൂടെ ഒരു മാസം മുൻപ് മുതൽ തന്നെ ഈ പരിപാടിക്കായി തിരഞ്ഞെടുത്തവരെയെല്ലാം തയ്യാറാക്കി വരികയായിരുന്നു. സഹോ. കമലേഷ് പട്ടേലിൻെറ നിരന്തരമായ സ്നേഹപൂർവ്വമുള്ള മാർഗ്ഗനിർദ്ദേശത്താൽ, സോണൽ ഇൻ ചാർജ് ഗംഗാധരയും പതിനഞ്ചംഗ സംഘവും ഒത്തുചേർന്നാണു പരിപാടി ആസൂത്രണം ചെയ്തത്.

സ്നേഹം, സേവനം, ഐക്യം എന്നിവയായിരുന്നു പ്രത്യേക ശ്രദ്ധ ആർജ്ജിക്കുന്ന വിഷയങ്ങൾ. ഓരോരുത്തരിലും ഉള്ള ഈ പ്രധാന തത്ത്വങ്ങളുടെ തിരിച്ചറിവും പോഷിപ്പിക്കലും വിസ്പേഴ്സ് സന്ദേശങ്ങളിലൂടെയും അടുത്ത കാലത്തെ ഗ്ലിംസസിലൂടെയും, മാസ്റ്ററുടെ ചില പ്രഭാഷണങ്ങളിലൂടെയും ശ്രദ്ധാപൂർവ്വം പുറത്തേക്കു കൊണ്ടുവരപ്പെട്ടു.

ഓരോ ദിവസവും സത്സംഗത്തോടെ ആരംഭിക്കുകയും തുടർന്നു 10 മിനിട്ട് നേരത്തെ മൗനാചരണവും "ഗ്ലിംസസിൻെറ" ഒരു അദ്ധ്യായം കാണലും ഉണ്ടായിരുന്നു. ദിവസത്തിൽ നിരവധി യോഗങ്ങൾ നടത്തുകയും, ഒരോ യോഗത്തിലും തിരഞ്ഞെടുത്ത ഒരു വിഷയത്തെ ആധാരമാക്കി 'വിസ്പേർസ്' വായിച്ചു. പങ്കെടുത്തവരോടു അതിൽ നിന്നുണ്ടാവുന്ന സ്പന്ദനം അനുഭവിച്ചറിയുവാനും അതു രേഖപ്പെടുത്തുവാനും ആവശ്യപ്പെട്ടു. എല്ലാവർക്കും അവരവരുടെ ആന്തരിക സ്ഥിതിയിൽ ഉണ്ടാവുന്ന നിരന്തര പരിവർത്തനം നിരീക്ഷിക്കുവാൻ കഴിഞ്ഞു.

' സ്ലൈസസ് ഓഫ് ഇറ്റേർണിറ്റി' എന്ന വീഡിയോയുടെയും, ഒരു മനുഷ്യനു എങ്ങനെ മാറ്റങ്ങൾ വരുത്താം എന്ന പ്രചോദനപരമായ വിഡിയോയുടെയും പ്രദർശനമുണ്ടായിരുന്നു. ഈ പ്രദർശനം മാസ്റ്റർ ഒരിക്കൽ ഇങ്ങനെ പറഞ്ഞതിനു അനുസൃതമായിട്ടായിരുന്നു, "ഒരു കുരുവിക്കു ഒരു വേനൽക്കാല മുണ്ടാക്കാനും ഒരാൾക്കു വ്യത്യാസം ഉണ്ടാക്കുവാനും കഴിയും." ഒരോ ദിവസത്തെ പരിപാടികൾ കഴിഞ്ഞാൽ പ്രിഫക്റ്റ് മീറ്റിംഗ്, യൂത്ത് മീറ്റിംഗ് എന്നിവയും ഉണ്ടായിരുന്നു.

പ്രധാനമായും പ്രതിപാദിക്കപ്പെട്ട ഒരു കാര്യം നമ്മുടെ മാസ്റ്ററുടെ സേവനത്തെപ്പറ്റിയുള്ളാതായിരുന്നു, സ്വയം മറന്നു തൻെറ മാസ്റ്ററെക്കുറിച്ച് മാത്രം ചിന്തിച്ചു കൊണ്ടു മാനവസമൂഹത്തെ സേവിക്കുന്ന മാസ്റ്ററെ മാതൃകയാക്കുവാനും, അദ്ദേഹത്തെ അനുകരിക്കാൻ നമ്മൾ ഏതു പ്രവൃത്തി ചെയ്യുമ്പോഴും ആദ്യം അദ്ദേഹത്തെക്കുറിച്ചു ചിന്തിച്ചാൽ മതിയെന്നുമായിരുന്നു.

# പ്രിഫെക്റ്റ് സമ്മേളനങ്ങൾ

## ഉത്തരാഘണ്ഡ്



സോൺ 18–(ഉത്തരാഘണ്ഡ്)ലെ സെൻറർ ഇൻ ചാർജ്ജുകൾക്കും പ്രിഫെക്റ്റുകൾക്കുമായി സോണൽ ഇൻ ചാർജ്ജ് സംഘടിപ്പിച്ച 2 ദിവസത്തെ കൂട്ടായ്മ ആഗസ്റ്റ് 30, 31 തീയതികളിൽ സത്കോൽ ആശ്രമത്തിൽ വെച്ച് നടന്നു. 18 പേർ ഒത്തുചേർന്ന് തങ്ങളുടെ സെൻററുകളിൽ നടക്കുന്ന വ്യത്യസ്ത പരിപാടികളെപ്പറ്റി അനൗപചാരികമായി ചർച്ച ചെയ്തു. നൈസർഗ്ഗികമായി ഹൃദയത്തെ എങ്ങനെ പ്രവർത്തിപ്പിക്കാം എന്നു വ്യക്തമായി ബോധവൽക്കരണം നടത്തിയാണു ഈ പരിപാടി അവസാനിച്ചത്. കൂട്ടായ്മയുടെയും ഐക്യത്തിൻെറയും ഉത്കൃഷ്ടമായ ഒരു അന്തരീക്ഷം അവിടെ നിലനിന്നിരുന്നു.

## കാക്കിനാഡ, ആന്ധ്രപ്രദേശ്

സോൺ 1ബി–യിലുള്ള 25 പ്രിഫക്റ്റുമാരുടെ യോഗം സപ്തംബർ 13–നു കാക്കിനാഡ ആശ്രമത്തിൽ വെച്ചു നടന്നു. 9 മണിക്കുള്ള സത്സംഗത്തിനു ശേഷം സോണൽ ഇൻ ചാർജ് അവിടെ കൂടിയിരിക്കുന്നവരെ അഭിസംബോധന ചെയ്യുകയും സഹോദരൻ കമലേഷുമായി നടത്തിയ സംഭാഷണത്തിലെ മൂല്യവത്തായ ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. എങ്ങനെ സിറ്റിംഗ് നൽകണം, പ്രിഫെക്റ്റിൻെറ സ്വഭാവം, വിസ്പേർസിൻെറ പ്രാധാന്യം എന്നിവ ചർച്ചചെയ്യപ്പെട്ടു. കാക്കിനാഡ ആശ്രമത്തിൽ നിന്നു 22 കിലോമീറ്റർ അകലെയുള്ള അമരവല്ലി ആശ്രമത്തിൽ വെച്ചു നടന്ന സത്സംഗത്തോടെ ഉച്ചഭക്ഷണത്തിനു ശേഷം പരിപാടികൾ അവസാനിച്ചു. അടുത്ത ത്രൈമാസ മീറ്റിംഗ് ഡിസംബർ 13നു വിശാഖപട്ടണത്തുള്ള എജിആർ നഗറിൽ നടത്താൻ തീരുമാനിച്ചു.



## സോണൽ ഇൻ ചാർജിൻെറ ഭിൽവാഡ സന്ദർശനം, കിഴക്കെ രാജസ്ഥാൻ

സോണൽ ഇൻ ചാർജ് ഡോ.ജെ.മധുകർ കോച്ചർ സപ്തംബർ 28നു പ്രിഫെക്റ്റ് പൂരൻമാൽ ബൈന്ദയുമൊത്ത് ഭിൽവാഡ സന്ദർശിക്കുകയുണ്ടായി. സത്സംഗത്തിൽ 116പേർ പങ്കെടുത്തു. സഹോദരൻ കോച്ചാർ മാസ്റ്ററുമൊത്ത് ചിലവഴിച്ച സ്മരണാർഹമായ ചില നിമിഷങ്ങൾ പങ്കിടുകയുണ്ടായി. മിഷനിൽ ചേരുന്നതിനു വളരെ മുൻപ് തന്നെ അഭ്യാസിയിൽ മാസ്റ്ററുടെ പ്രവർത്തനം ആരംഭിക്കുന്നു എന്നും മാസ്റ്ററാണു നമ്മളെ മിഷനിലേക്കു കൊണ്ടുവരുന്നതെന്നും അദ്ദേഹം പറഞ്ഞു. ചോദ്യങ്ങളും വിശദീകരണങ്ങളും അദ്ദേഹം അഭ്യാസികളിൽ നിന്നു ക്ഷണിച്ചു. ചോദ്യങ്ങളില്ലാത്ത അവസ്ഥ ആത്മീയതയിൽ ഉയർന്ന നിലയെയാണു സൂചിപ്പിക്കുന്നതെന്നു പറഞ്ഞാണു അദ്ദേഹം അവസാനിപ്പിച്ചത്. ബ്രഞ്ചിനു ശേഷം സഹോദരൻ കോച്ചർ നിലവിലുള്ള ധ്യാനകേന്ദ്രത്തിൽ നിന്നു 5 കിലോമീറ്റർ അകലെയുള്ള ഭിൽവാഡയിൽ പുതിയ ധ്യാനകേന്ദ്രത്തിനു ഉദ്ദേശിച്ചിട്ടുള്ള സ്ഥലം സന്ദർശിച്ചു. അവിടെ ചിലവഴിച്ച അര മണിക്കൂറിൽ അദ്ദേഹം സ്ഥലത്തിനെക്കുറിച്ച് വിശദമായി ചർച്ചചെയ്യുകയും പൂർത്തിയാക്കാനുള്ള ചില ഔപചാരികത കളെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്തു. ഭിൽവാഡയിലെ അദ്ദേഹത്തിൻെറ സന്ദർശനം അവിടെയുള്ള അഭ്യാസികളെ മിഷനു വേണ്ടി വിശ്രമമില്ലാതെ ജോലി ചെയ്യാൻ പ്രചോദിപ്പിച്ചു.

## നവരാത്രി ആഘോഷം, വഡോദര, ഗുജറാത്ത്

ഒക്ടോബർ 5നു വഡോദരയിൽ കുട്ടികളും യുവാക്കളുമായി അമ്പതോളം പേർ പരമ്പരാഗത വസ്ത്രമണിഞ്ഞ് നവരാത്രി ആഘോഷിച്ചു. സത്സംഗത്തിനു ശേഷം കുട്ടികൾ ആവേശത്തോടെയും സ്നേഹ സാഹോദര്യത്തോടെയും ഒന്നര മണിക്കൂറോളം ഗർബ നൃത്തമാടി. മാസ്റ്റർക്കായി ഒരു ആരാധനാ നൃത്തം അർപ്പിക്കുന്നതുപോലെ തോന്നി അത്. കുട്ടികളുടെ ഊർജ്ജം കണ്ട് മുതിർന്ന അഭ്യാസികളും അതിനോടു ചേർന്നു. ലഘു ചായസൽക്കാരത്തിനു ശേഷം എല്ലാവരും പിരിഞ്ഞു.





## യു-കണക്റ്റ് സംരംഭം

### ആത്മവികസന കോഴ്സ്-സിക്കിം സർവകലാശാല



എസ്.ആർ.സി.എമ്മിൻെറ യു-കണക്റ്റ് ഉദ്യമത്തിൻെറ കീഴിൽ 'ആത്മീയ പശ്ചാതലത്തിലുള്ള ആത്മവികസനം - ഒരു പ്രായോഗിക സമീപനം' എന്ന പേരിൽ ഒരു ഐച്ഛരിക വിഷയം സിക്കിം സർവകലാശാല ആരംഭിച്ചിട്ടുണ്ട്. ജീവിതത്തിൽ അനുവർത്തിക്കേണ്ടതായ ഒരു കൂട്ടം സത്യാന്വേഷണാത്മകമായ മൂല്യങ്ങൾ യുവാക്കളിൽ ഉളവാക്കുക, ആത്മീയ ലക്ഷ്യം ഉന്നംവച്ചുള്ള ഒരു സന്തുലിത ജീവിതം, ധാർമ്മികമായ ഭൗതിക ജീവിതം ഇവ കൈവരിക്കാൻ അവരെ സഹായിക്കുക, രാഷ്ട്ര നിർമ്മാണത്തിൽ തങ്ങളുടേതായ സംഭാവന നൽകാൻ അവരെ സജ്ജരാക്കുക തുടങ്ങിയവ ലക്ഷ്യമാക്കിയാണ് യു-കണക്റ്റ് ആരംഭിച്ചിട്ടുള്ളത്.

ശരിയായ മൂല്യങ്ങൾ വളർത്താനും നൈസർഗ്ഗികമായ രീതിയിൽ ആന്തരികപരിണാമം ഉണ്ടാവാനും പാകത്തിൽ ആത്മീയപരിശോധന, മനനം, ധ്യാനം, തുടങ്ങിയവയിൽ വിദ്യാർത്ഥികളെ സജ്ജരാക്കുന്ന വിധമാണ് ഈ കോഴ്സ് രൂപകൽപന ചെയ്തിരിക്കുന്നത്. മൂല്യങ്ങൾ ഉണ്മയായ സ്വത്വത്തെ കണ്ടെത്തൽ, യോഗ, ഈശ്വരീയതയെ കുറിച്ചുള്ള സങ്കൽപം, ചിന്താശക്തി, ധ്യാനപരിശീലനങ്ങൾ, ജീവനെയും ജീവിതത്തെയും കുറിച്ചുള്ള തത്വങ്ങൾ, നാം ചെയ്യുന്ന തെരഞ്ഞെടുപ്പ്, മികവ്, സ്നേഹം തുടങ്ങിയ വിഷയങ്ങളാണ് ഇതിൻെറ ഉള്ളടക്കം.

സഹോദരൻ ഹർഷൽ ജവാലെ(പൂനെ), മിസാൽ മെഹ്ത (കൊൽക്കത്ത), രവി തെലാംഗ്(സിക്കിം), സഹോദരി എലിസബത്ത് കിംഗ്നോർത്(ചെന്നൈ) തുടങ്ങിയവർ മുൻകൈയ്യെടുത്താണ് സപ്തംബർ 6-ന് ഈ കോഴ്സ് തുടങ്ങിയത്. വിദ്യാർത്ഥികളിൽ നിന്നുള്ള പ്രതികരണം ധനാത്മകവും പ്രോത്സാഹനാജനകവുമായിരുന്നു. അവരുടെ ആവശ്യങ്ങൾക്കനുസൃതമായി കോഴ്സിൽ മാറ്റങ്ങൾ വരുത്തുന്നതിനും അവർ സഹായിച്ചു.

### പരിശീലക പരിശീലന പരിപാടി

#### ഫുൽഗാവ്, മഹാരാഷ്ട്ര

യു-കണക്റ്റിൻെറ 24 അദ്ധ്യാപകർക്കും, പരിശീലകർക്കുമായി ഒരു പരിശീലന ശിൽപശാല ആഗസ്റ്റ് 17,18 തീയതികളിൽ ഫുൽഗാവ് ആശ്രമത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നാഗ്പൂർ, ചന്ദ്രാപൂർ, വാർധ, റായ്പൂർ(ഛത്തീസ്ഗഡ്), യാവാത്മൽ, ഫുൽഗാവ് എന്നിവിടങ്ങളിൽനിന്നുള്ള സന്നദ്ധസേവകരും ശിൽപശാലയിൽ പങ്കെടുത്തു. ശ്രീധർ തോഡ(മുംബൈ) പരിശീലനം നൽകുകയും, സുധീർ.ജി.അകോജ്വാർ(ചന്ദ്രാപൂർ സെൻർ ഇൻ ചാർജ്) ശിൽപശാലയുടെ വിവിധ ഭാഗങ്ങളെ ക്രമീകരിക്കുയും ചെയ്തു.




ഫുൽഗാവിലെ സന്നദ്ധസേവകർ ശിൽപശാലക്ക് ആതിഥ്യമരുളാൻ ഊർജ്ജസ്വലതയോടെ പ്രവർത്തിച്ചു. അഭ്യാസികൾ സംഘങ്ങളായി തിരിഞ്ഞ് മോക്ക്സെഷൻ അവതരിപ്പിക്കുകയും കായിക വിനോദങ്ങൾ മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുകയും ചെയ്തു. പ്രാദേശിക ഭാഷയിൽ കോഴ്സ് നടത്താനായി മറാഠിയിൽ പവർപോയിൻറിൽ ഒരു സെഷൻ സംഘടിപ്പിച്ചു. സമാപനച്ചടങ്ങിൽ ഒരു റോഡ്മാപ്പ് (മുന്നോട്ടുള്ള പാത) തയ്യാറാക്കുകയും ഇതിൽ എല്ലാവരും അതീവ സന്തുഷ്ടരാവുകയും ചെയ്തു.

#### നച്ചിപ്പാളയം ആശ്രമം, കൊയമ്പത്തൂർ, തമിഴ്നാട്

ആഗസ്റ്റ് 15 മുതൽ 17 വരെ ഇവിടെ ത്രിദിന യു-കണക്റ്റ് പരിശീലകർക്കായുള്ള ഒരു പരിപാടി സംഘടിപ്പിച്ചു. തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ നിന്നുമുള്ള നൂറോളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. സ്ഥാപനങ്ങളോടുള്ള സമീപനം, സംഘാടകർ, നിർദ്ദേശകർ, അധ്യാപകർ ഇവരുടെ പങ്ക്, ഉത്തവാദിത്തങ്ങൾ ഇവയെ പറ്റിയുള്ളസെഷൻ, ചെന്നൈയിൽ നിന്നുമുള്ള സഹോദരർ ശ്രീരാമൻ, കൃഷ്ണൻ തുടങ്ങിയവർ നയിച്ചു. അവർ ഒരു മോക്ക് സെഷനും സംഘടിപ്പിച്ചു. പങ്കെടുത്തവരെ 12 സംഘങ്ങളായി വിഭജിക്കുകയും ഓരോ സംഘത്തിനും യു-കണക്റ്റ് പാഠ്യ പദ്ധതിയുടെ ഓരോ അദ്ധ്യായം നൽകുകയും ചെയ്തു.

രണ്ടും മൂന്നും ദിവസങ്ങളിൽ ഓരോ സംഘവും വ്യത്യസ്ത വിഷയങ്ങളിൽ മോക്ക് സെഷൻ അവതരിപ്പിച്ചു. ഒരു പ്രതികരണസെഷനോടെയും പ്രവർത്തന പദ്ധതികളുടെ വിശദീകരണത്തോടെയും പരിപാടി സമാപിച്ചു. പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് കോളേജുകളിൽ ക്ലാസുകൾ കൈകാര്യം ചെയ്യാനാവശ്യമായ ധൈര്യവും പ്രാഗത്ഭ്യവും ലഭിച്ചുവെന്നതാണ് ഇതിൻെറ മറ്റൊരു നേട്ടം.



യു കണക്റ്റ് പരിപാടി നിങ്ങളുടെ സെൻററിൽ നടത്താൻ താത്പര്യമുള്ളവർ uconnect@srcm.org എന്ന വിലാസത്തിൽ ഇമെയിൽ അയക്കുകയോ സോണൽ ഇൻ ചാർജ്ജുമായി ബന്ധപ്പെടുകയോ ചെയ്യുക.

## യുവ അഭ്യാസികൾക്കുള്ള പരിപാടികൾ

### ട്രിച്ചി, തമിഴ്നാട്



ആഗസ്റ്റ് 16–17 തിയ്യതികളിൽ ട്രിച്ചി ആശ്രമത്തിൽ വച്ച് 18–നും 35–നും ഇടയിലുലുള്ള യുവാക്കൾക്ക് ഒരു പരിപാടി നടത്തി. പ്രകൃതി ചികിത്സ, ആത്മപര്യവേഷണം, സംഘടിത പ്രവർത്തനം, നേതൃത്വം എന്നീ വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരുന്നു. പാചകശാലയിൽ ജോലിചെയ്യുന്ന സഹോദരന്മാർ തീയില്ലാതെ ഭക്ഷണം പാചകം ചെയ്യു.

യുവാക്കളുടെ ജീവിതത്തിൽ ധ്യാനത്തിന്റെയും സഹജ മാർഗ പരിശീലനത്തിന്റെയും പ്രാധാന്യ ത്തിനു ഊന്നൽ നൽകുന്ന വിഷയങ്ങൾ ചർച്ച ചെയ്യു. പ്രഭാഷണങ്ങൾ അവരിൽ ഒളിഞ്ഞുകിടക്കുന്ന, മാസ്റ്റർ പറയാറുള്ള, ആന്തരിക സിംഹത്തെ ഉണർത്താൻ സഹായിച്ചു.

### ബാംഗ്ലൂർ, കർണാടക

സപ്തംബർ 21–ന ബാംഗ്ലൂർബനശങ്കരി ആശ്രമത്തിൽ 35 യുവാക്കൾ ചേർന്ന് ആശയവിനിമയം എന്ന വിഷയത്തെ കേന്ദ്രീകരിച്ചു ഒരു പരിപാടി സംഘടിപ്പിച്ചു. നാം നമ്മോടുതന്നെയും മറ്റുള്ളവരോടും ആശയ വിനിമയം നടത്തുന്നതിന്റെയും, മറ്റുള്ളവരോട് സഹജ മാർഗത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അവർ പറയുന്നത് ശ്രവിക്കുന്നതിന്റെയും പ്രാധാന്യത്തെപ്പറ്റി മനസ്സിലാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ഉദ്ദേശ്യം. ഒരോ വിഷയം അവതരിപ്പിക്കുമ്പോഴും ഈ വിഷയത്തെപ്പറ്റി മാസ്റ്റർ ചെയ്ത പ്രഭാഷണത്തിന്റെ വീഡിയോ പ്രദർശിപ്പിച്ചിരുന്നു.

സ്വയം ആശയവിനിമയം നടത്തുക എന്ന വിഷയത്തിന്റെ ഭാഗമായി ഒരു വിസ്പേർസ് സന്ദേശം ഈ പരിപാടിയിൽ പങ്കെടുത്തവർക്ക് നൽകിയശേഷം അതിൽ ധ്യാനിച്ച് പര്യാലോചിക്കാൻ നിർദ്ദേശിച്ചു. ഇതിൽ നിന്നുൽഭവിച്ച ചിന്തകളും അന്തപ്രചോദനവും പങ്കാളിയുമായി പങ്കുവച്ചു. വ്യത്യസ്ത സാഹചര്യങ്ങളിലും അന്തരീക്ഷത്തിലും അതിനുചിതമായ ആശയവിനിമയ മാർഗത്തെ പരീക്ഷിക്കാൻ Flipping the Switch എന്ന കളി സഹായിച്ചു. ഒരു നല്ല ശ്രോതാവാകൻ ആവശ്യമായ വൈദഗ്ധ്യം മറ്റൊരു കളി വഴി ബോദ്ധ്യപ്പെടുത്തി.

ഓരോ സംഘത്തിനും മാസ്റ്റർ പ്രത്യേക ശ്രോതാക്കൾക്കായി നടത്തിയ പ്രഭാഷണങ്ങൾ നൽകി. ചർച്ചക്കുശേഷം ഓരോ സംഘത്തിൽനിന്നും ഒരാൾ അവർക്കു നൽകിയ പ്രഭാഷണത്തെപ്പറ്റി സംസാരിച്ചു. സ്വരവ്യത്യാസം, മുഖ ഭാവത്തിൽ വരുന്ന വ്യത്യാസം എന്നിവക്കനുസരിച്ച് അർത്ഥം മാറും എന്നത് ബോദ്ധ്യപെടുത്താനുതകുന്ന കളി പ്രദർശിപ്പിച്ചു.

സഹജമാർഗത്തിന്റെ അടിസ്ഥാന തത്വങ്ങൾ മനസ്സിലാക്കാൻ അവശ്യം വായിച്ചിരിക്കേണ്ട പുസ്തകങ്ങളുടെ ഒരു പട്ടിക എല്ലാവർക്കും നൽകി. ഞായറാഴ്ച്ച വളണ്ടിയർ ജോലിക്കു ശേഷം സമയമുണ്ടെങ്കിൽ അര മണിക്കൂർ ഒന്നിച്ചിരുന്ന് പുസ്തകങ്ങൾ വായിക്കണമെന് സൂചന നൽകി.

## ഉപന്ന്യാസ മൂല്യ നിർണ്ണയ ശിൽപശാല

2014 ഉപന്ന്യാസ രചനയിൽ ലഭിച്ച ഉപന്ന്യാസങ്ങൾ മൂല്യ നിർണ്ണയം നടത്താൻ സോണൽ തലത്തിൽ ഒരു മൂല്യ നിർണ്ണയ ക്യാമ്പ് നടത്തി.



### ഭോപാൽ, മദ്ധ്യപ്രദേശ്, സോൺ 8A

മൂല്യനിർണ്ണയത്തിനാവശ്യമായ മാർഗനിർദ്ദേശങ്ങളെ പരിചയ പ്പെടുത്തുക എന്നതായിരുന്നു ഈ തൊഴിൽശാലയുടെ ഉദ്ദേശ്യം. ഒരു ചെറിയ പ്രഭാഷണത്തിനുശേഷം എല്ലാവരോടും അവർക്ക് നൽകിയ ചോദ്യപ്പട്ടിക പൂരിപ്പിക്കാൻ ആവശ്യപ്പെട്ടു. എല്ലാവർക്കും മാതൃകാരചനകൾ നൽകി അവരോട് അത് മൂല്യനിർണ്ണയം നടത്താൻ ആവശ്യപ്പെട്ടു. അതിനുശേഷം ഇത് ശരിയായി ചെയ്യേണ്ട വിധം വിവരിച്ചു കൊടുത്തു വീണ്ടും മൂല്യ നിർണ്ണയം നടത്താൻ ആവശ്യപ്പെട്ടു. സുധർശൻ സിംഗ് (ബഹേരി കേന്ദ്രം), ഡോ. രാജീവ് കുമാർ (ആഗ്ര കേന്ദ്രം), വിനോദ് കുമാർ(സിതാപ്പൂർ കേന്ദ്രം) എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ഒരു ചർച്ചയോടും പ്രതികരണത്തോടുംകൂടി പരിപാടി അവസാനിച്ചു.

### ഗാസിയബാദ്, ഉത്തർ പ്രദേശ്, (സോൺ 12A)

ഈ സോണിൽ ലഭിച്ച 700 ഉപന്ന്യാസങ്ങളെ മൂല്യ നിർണ്ണയം നടത്താൻ സപ്തംബർ 27–28 തിയ്യതികളിൽ ഒരു ശിൽപശാല നടത്തി. ആദ്യം രചനകളെ പരിശോധിച്ച് 450 എണ്ണം തിരഞ്ഞെടുത്ത് അതിൽ നിന്ന് 40 എണ്ണം മണപ്പാക്കത്തിലേക്കയക്കാൻ തീരുമാനിച്ചു. രചനകൾ പരിശോധിക്കാനായി അടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നു ഏകദേശം 50 അഭ്യാസികൾ ഇവിടെ സന്നിഹിതരായിരുന്നു.





# ഒരുവൻെറ സാധനയെ ചിട്ടപ്പെടുത്തുക

## ഗുർഗാവ്, ഡൽഹി

ഡൽഹി സോണൽ ആശ്രമത്തിൽ ഹിന്ദിയിൽ 'പരിവർത്തനാത്മകമായ പരിശീലനം' എന്ന വിഷയത്തിലൂന്നി. മൂന്നു മണിക്കൂർ നീണ്ടുനിൽക്കുന്ന സെഷനുകളായി ആഗസ്റ്റ് മുതൽ സത്സംഗത്തിനുശേഷം നടത്തി വരുന്നുണ്ട്. ഇതുവരെ താഴെപറയുന്ന വിഷയങ്ങൾ കഴിഞ്ഞു; സഹജമാർഗ സാധനയുടെ അടിസ്ഥാനം, ഗുരു, സാഹോദര്യം, ഡയറി എഴുതൽ, ശുദ്ധീകരണം, സ്വഭാവ രൂപീകരണത്തിനുള്ള ഉപകരണങ്ങൾ, ധ്യാനം എന്നിവ. ദശസൂക്തങ്ങൾ ഒക്ടോബർ മാസത്തിൽ കഴിയും. ഇതിൻെറ ഉദ്ദേശ്യം അഭ്യാസികളിൽ പരിശീലനത്തിന് ഒരു പുതിയ ഉണർവ്വ് ഉണ്ടാക്കലാണ്. അഭ്യാസികൾക്ക് പദ്ധതിയിൽ വ്യക്തത ഉണ്ടാക്കുവാനും, തങ്ങളുടെ വിഷയങ്ങൾ തുറന്ന് പ്രകടിപ്പിക്കുവാനും സഹോദര്യം വളർത്തുവാനും ഈ ഉദ്യമം വഴിയൊരിക്കി.

## ഓംഗോൽ, ആന്ധ്രപ്രദേശ്



സാധനയെ ചിട്ടപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഏഴുദിവസത്തെ ഒരു പരിപാടി സപ്തംബർ28 മുതൽ ഒക്ടോബർ 4 വരെ സംഘടിപ്പിച്ചു. 18 അഭ്യാസികൾ ഇതിൽ പങ്കെടുത്തു.ദശസൂക്തങ്ങളും നിരന്തരസ്മരണയടക്കം സാധനയുടെ എല്ലാ വശങ്ങളും ഡിവിഡി യുടെയും മറ്റും സഹായത്തോടെ വിശദമായി അവതരിപ്പിച്ചു. സെൻറർ ഇൻ ചാർജ് സഹോദരൻ എം.ഭാസ്കർപരിപാടിയിൽ പൂർ ണ്ണമായി പങ്കു കൊണ്ട് അഭ്യാസികളെ പ്രോത്സാഹിപ്പിച്ചു.

## കരുമാത്തമ്പട്ടി, പടിഞ്ഞാറൻ തമിഴ്നാട്

കോയമ്പത്തൂരിനിന്നും 20 കി.മി. അകലെയുള്ള കരുമാത്തമ്പട്ടിയിൽ, സഹോദരി എ.കെ.മുത്തുലക്ഷ്മിയുടെ



ആസൂത്രണത്തിൽ സപ്തംബർ21 ന് നടത്തിയ 'അനുഭവങ്ങള പങ്കുവെക്കുക' എന്ന പരിപാടിയിൽ, 30 അഭ്യാസികൾ പങ്കെടുത്തു. സഹജമാർഗ പരിശിലനത്തിലൂടെ ഒരുവനിൽ വന്ന മാറ്റങ്ങളെ അറിയുക എന്നതായിരുന്നു ഈ പരിപാടിയുടെ ഉദ്ദേശ്യം. അഭ്യാസികൾ പങ്കുവെച്ച ഗുണങ്ങൾ; മാസ്റ്ററോടുള്ള സ്നേഹത്തിൻേറയും വിശ്വാസത്തിൻേറയും വളർച്ച, ദേഷ്യക്കുറവ്, അസൂയയുടെ അഭാവം, ക്ഷമയുടേയും സഹിഷ്ണുതയുടേയും വളർച്ച, ഉയർന്ന ആത്മവിശ്വാസം, ആധിക്കുറവ്, ലാളിത്യത്തിനോട് പ്രതിപത്തി, ഗഹനമായ സാഹോദര്യം എന്നിവയായിരുന്നു. എല്ലാവരുടേയും അനുഭവങ്ങൾ താൽപര്യജനകമായിരുന്നു. എല്ലാവരും ഇതിൽ ഉത്സാഹത്തോടെ പങ്കുകൊണ്ടു.

## ഗുൽബർഗ, കർണ്ണാടക



സപ്തംബർ 6,7 തിയതികളിൽ 'മിഷൻ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിൻെറ പ്രാധാന്യം' എന്ന പരിപാടി ആശ്രമത്തിൽ വെച്ച് നടത്തി. ഗുൽബർഗ, ബിദർ, ഹുംനാബാദ്, ചാങ്ങ്ലർ, ചിറ്റപൂർ, സേദം, ചിഞ്ചോലി, ഷൊരാപൂർ, ഗോഗി തുടങ്ങിയവിടങ്ങളിൽ നിന്നായി 150 പേർ പങ്കെടുത്തു. പ്രഭാത സത്സംഗത്തിനുശേഷം, ഗ്രാഫിക് ഡിസൈൻ, ആഡിയോ, മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ വീഡിയോ എന്നിവയുടെ സഹായത്തോടേ ഉദാഹരണ സഹിതം വിശദമായ പല അവതരണങ്ങളുമുണ്ടായി. വൈകുന്നേരത്തെ സത്സംഗത്തോടെ പരിപാടി അവസാനിച്ചു. എല്ലാ അഭ്യാസികളും പരിപാടിയുടെ ഫലവും സന്തോഷവും പങ്കുവെച്ചു.

## ട്രിച്ചി, കിഴക്കൻ തമിഴ്നാട്

സപ്തംബർ 14-ന് ഒരു ദിവസത്തെ കൂടിചേരൽ നടത്തി. സോൺ 2B- തമിഴ്നാട് കിഴക്കിലുൾപ്പെട്ട വില്ലുപുരം, ട്രിച്ചി, തഞ്ചാവൂർ കേന്ദ്രങ്ങൾ ഓരോരുത്തരും മൂന്നോ നാലോ മാസത്തെ ഇടവേളകളിൽ സാഹോദര്യം വളർത്തുന്നതിനായി ഒരു ദിവസത്തെ പരിപാടി സംഘടിപ്പിക്കാറുണ്ട്. സെമിനാറിൻെറ ചിന്താവിഷയം 'ലക്ഷ്യത്തിലേക്കുള്ള വഴി' എന്നതായിരുന്നു. എല്ലാ സെൻററും സഹിഷ്ണുത, ഇച്ഛ, സമർപ്പണം, സേവനം, അനുസരണ, വിശ്വാസവും അനുഭവവും, സാഹോദര്യം, സഹകരണം, സ്നേഹം എന്നിവയെ അധികരിച്ച് വിഷയങ്ങൾ തയ്യാറാക്കി. കുട്ടികളുടേയും യുവാക്കളുടേയും സാംസ്കാരിക പരിപാടികളോടെ പരിപാടി അവസാനിച്ചു. സത്സംഗത്തോടെ പരിപാടി അവസാനിച്ചു.



## കൂടല്ലൂർ, കിഴക്കൻ തമിഴ്നാട്

ഏകദേശം 120 അഭ്യാസികൾ വില്ലുപുരം, നെയ്‌വേലി,പോണ്ടിച്ചേരി, കൂടല്ലൂർ കൂടാതെ മറ്റു ചെറു സെൻററുകളിൽ നിന്നുമായി സപ്തംബർ 21-ന് നടന്ന വാർഷിക കൂട്ടായ്മയിൽ പങ്കെടുത്തു. ധ്യാന മന്ദിരം SMSFന് സമർപ്പിച്ചതിന് ശേഷമുള്ള ആദ്യത്തെ വലിയ ആഘോഷമാണിത്. സഹജമാർഗ അടിസ്ഥാനങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കുശേഷം 'സാക്ഷാത്ക്കാരം' എന്നതിൽനിന്ന് പ്രസംഗം ഉണ്ടായി. 'ഇന്ത്യ ഇൻ ദ വെസ്റ്റ്' ' എന്ന ഡിവിഡി പ്രദർശിപ്പിച്ചു. തുടർന്ന് കൂടല്ലൂരിലെ രണ്ടു അഭ്യാസികൾ, സ. പ്രസാന്ത് വാസു എഴുതിയ At the Feet of Master- The becoming of a Disciple' എന്ന പുസ്തകത്തെക്കുറിച്ച് അവതരണം നടത്തി.

## വഡോദര, ഗുജറാത്ത്



വഡോദര സിറ്റിയെ ഏഴായി വിഭജിച്ച് ഓരോ ഭാഗത്തെ വ ളൻറിയർ ടീമിനും പ്രവർത്തന മണ്ഡലം നിശ്ചയിച്ചിട്ടുണ്ട്. കുടുംബയോഗം, പൊതു സദസ്സ് മറ്റുപ്രവർത്തനങ്ങൾ എന്നിവ സാധനയുടെ ഗുണം മെച്ചപ്പെടുത്തുവാൻ നടത്തുന്നുണ്ട്. സപ്തംബർ 13-ന് ഏകദേശം മകർപുര, മഞ്ഞൽപൂരിൽനിന്നുമായി 45 അഭ്യാസികൾ 'ജീവിതത്തിൻെറ ലക്ഷ്യം' എന്ന പ്രവർത്തനശാലക്കായി ഒത്തുകൂടി. സത്സംഗിനുശേഷം അഭ്യാസികളോട് അവരുടെ ലക്ഷ്യം ഡയറിയിൽ എഴുതുവാൻ പറയുകയും മൂന്ന് വിഷയങ്ങൾ ചിന്താവിഷയമായി നൽകുകയും ചെയ്തു. സത്യോദയം എന്ന പുസ്തകത്തിലെ 'ജീവിതലക്ഷ്യം' എന്ന ഭാഗം വായിക്കുകയും ചെറു ഗ്രൂപ്പുകളായി തിരിച്ച് മനസ്സിലായത് പങ്കുവെക്കാൻ പറഞ്ഞു. ഒരു പ്രിഫെക്റ്റ് വായിച്ചതിനെപ്പറ്റി ലഘുവായി പറയുകയും അഭ്യാസികളോട് ജോടിയായി തിരിഞ്ഞ് അനുഭവം പങ്കു വെക്കാൻ പറയുകയും ചെയ്തു. അവസാനം അവർ ഡയറിയിൽ ജീവിതലക്ഷ്യം എഴുതിവെച്ചത് ഒരു സുവ്യക്തമായ ധാരണയോടെയായിരുന്നു.



## തിരുപ്പൂർ, പടിഞ്ഞാറൻ തമിഴ്നാട്

ഒക്ടോബർ 5ന് രാവിലെ സത്സംഗത്തിനു ശേഷം, ചെട്ടിപാളയം ആശ്രമത്തിൽ വെച്ച് സഹോദരൻ പ്രകാശ് സപ്തംബർ അവസാനം മണപ്പാക്കത്തിൽ വെച്ച് നടന്ന പ്രിഫെക്റ്റ് സെമിനാറിനെക്കുറിച്ച് ഒരു ചെറിയ വിവരണം നടത്തി. പ്രഭാത ഭക്ഷണത്തിനുശേഷം ഹാജരായിരുന്ന 600 അഭ്യാസികളെ അവരവർ സിറ്റിംഗ് എടുക്കുന്ന പ്രിഫക്റ്റുമാരുടെ കീഴിൽ പല ഭാഗമായി തിരിച്ചു. പ്രിഫക്റ്റുമാർ, കമലേഷ് ഭായ്, പരിശീലനം കൃത്യമായ സമയത്ത് ചെയ്യണമെന്ന് ഊന്നി പറഞ്ഞത് വിവരിച്ചു. വീട്ടിൽ ധ്യാനിക്കാൻ ബുദ്ധിമുട്ടുള്ള അഭ്യാസികൾ ഒരു സ്ഥലത്ത് ഒത്തുചേർന്ന് ധ്യാനിക്കണമെന്ന് നിർദ്ദേശിച്ചു. സാധനക്ക് ആക്കം കൂട്ടുക എന്നതിനായിരുന്നു മുഖ്യ ശ്രദ്ധ. ഉറച്ച തീരുമാനത്തോടെ പത്തു ദിവസം ധ്യാനിച്ചാൽ അതിൻെറ ഫലം കാണുമെന്ന് കമലേഷ് ഭായ് ഉപദേശിച്ചിരുന്നു. ചർച്ചകൾക്കുശേഷം അഭ്യാസികൾ പരിശീലനത്തിൽ പരമാവധി ശ്രദ്ധ ഉണ്ടാകണമെന്ന ഉദ്ദേശത്തോടെ മടങ്ങി. ഇപ്പോൾ രാവിലെ 6 മണിക്ക് രണ്ടു സ്ഥലങ്ങളിലായി സത്സംഗമുണ്ട്.

## വിറ്റൽ, കർണ്ണാടക തീരപ്രദേശം

'ലക്ഷ്യം' എന്നതിനെ അധികരിച്ച് ഒരു മുഴുദിന പരിപാടി സപ്തംബർ 21-ന് നടത്തി. പതിനാറു അഭ്യാസികൾ ലക്ഷ്യത്തെക്കുറിച്ചുള്ള അവരുടെ ബോധം സാധനയുടെ പുരോഗതിക്ക് സഹായകമായത് പങ്കു വെച്ചു. ബാബുജി മഹരാജിൻെറ പുസ്തകങ്ങളിലെ ഉദ്ധരണികൾ വായിച്ചശേഷം അഭ്യാസികൾക്ക് അവരുടെ ലക്ഷ്യം 'മാസ്റ്റർ' തന്നെയാണന്ന് മനസ്സിലായി. അവർ ലക്ഷ്യപ്രാപ്തിക്കുള്ള വിവിധ വശങ്ങൾ ചർച്ച ചെയ്തു. 'അങ്ങാണ് ഞങ്ങളുടെ യഥാർത്ഥ ലക്ഷ്യം' എന്ന പ്രാർത്ഥനയിലെ അർത്ഥം ഉൾകൊണ്ടുകൊണ്ട് അവസാനിപ്പിച്ചു.



## സാധനയിൽ അടിയുറപ്പിക്കാനുള്ള പരിശീലന പരിപാടി (GITP)

ഇത്തരം പരിശീലന പരിപാടികൾ ഇന്ത്യയിലുടനീളം പല സെൻററുകളിലും നടത്തുന്നുണ്ട്. പരിശീലനത്തിൽ ധ്യാനം, ശുദ്ധീകരണം, ഡയറി എഴുതൽ, പ്രാർത്ഥന എന്നീ നാലു ഭാഗമുണ്ട്.


ബിക്കാനീർ

ഒരു ശിൽപശാല സപ്തംബർ 26-ന് രാജസ്ഥാനിലെ **ബിക്കാനീറിൽ** നടത്തിയതിൽ ബിക്കാനീർ, ലദ്നുൻ, ജസ്വന്ത്ഗർ, ദീദ്വാന, കുച്ചേര, ശ്രീ ഗംഗാനഗർ എന്നിവിടങ്ങളിൽ നിന്നായി 85 അഭ്യാസികൾ പങ്കെടുത്തു.


ഹാപുർ


ഗോവ

**ഗോവ**യിൽ, ആഗസ്റ്റ് 16,17 തിയതികളിൽ ഗോവ, കാർവാർ, കോലാപൂർ ഭാഗത്തെ 32 അഭ്യാസികൾ പങ്കെടുത്തു.


തൃപ്രയാർ

കേരളത്തിലെ **തൃപ്രയാർ** ആശ്രമത്തിൽ നടത്തിയ പരിപാടിയിൽ 34 അഭ്യാസികൾ പങ്കെടുത്തു.

ഉത്തർപ്രദേശിലെ **ഹാപുർ** ആശ്രമത്തിൽ സപ്തംബർ 7-ന് നടത്തിയ പരിശീലനത്തിൽ 87 അഭ്യാസികൾക്ക് പ്രയോജനമായി.

## വാക്കുകൾ പ്രചാരമാക്കാൻ

എക്കോസ് ടീമിന് വിവിധ സെൻററുകളിലെ തുറന്ന സദസ്സുകളെക്കുറിച്ച് പല ലേഖനങ്ങളും ലഭിച്ചിട്ടുണ്ട്. ഇത്തരം പരിപാടികളുടെ ചില ഫോട്ടോകൾ താഴെ കൊടുക്കുന്നു.


ആഗ്ര


ഗ്വാളിയർ


പുലിയമ്പട്ടി


ഖടൗളി


വത്സാഡ്


ഭിൽവാഡ

## പുതിയ പ്രസിദ്ധീകരണങ്ങൾ


What is Sahaj Marg
English


What is Sahaj Marg
Kannada




Devotion
English


Heart Speak 2011
Marathi



Heart Speak 2013
English


Heart Speak 2011
Hindi


My Master
MP3 Audiobook
Gujarati

## വാർത്താശകലം






### ബലിയ, ഉത്തർപ്രദേശ്

സപ്തംബർ 14-ന് ബലിയയയിലെ പോളീടെക്നിക് കോളേജിൽ ഒരു യുവാക്കളുടെ സെമിനാർ സംഘടിപ്പിച്ചു. വിഷയം 'യുവത്വം -പ്രത്യാശയുടെയും പ്രയത്നങ്ങളുടെയും കാലം' എന്നതായിരുന്നു. ഏകദേശം 100 കുട്ടികളും 25 ടീച്ചർമാരും രക്ഷിതാക്കളും പങ്കെടുത്തു.

### കുട്ടികളുടെയും യുവാക്കളുടേയും സെൻറർ, കൊൽകത്ത

ആശ്രമത്തിലേക്ക് വരുന്ന കുട്ടികളുടെ അംഗസംഖ്യയിലെ വർദ്ധന കണക്കിലെടുത്ത് സ്വതന്ത്രമായ കുട്ടികളുടേയും യുവാക്കളുടെയും കേന്ദ്രത്തിനായി ഒരു പുതിയ നിർമ്മിതിക്ക് മാസ്റ്ററുടെ അനുമതിയും അനുഗ്രഹവുമായി ഉത്തരവ് ലഭിച്ചു. കുട്ടികൾ അവരുടെ ചെറിയ കളികൾക്കും മറ്റുമായി ഉപയോഗിച്ചിരുന്ന സ്ഥലത്ത് ഒരു ലാളിത്യമാർന്ന നിർമ്മിതി. ഈ പുതിയ സൗകര്യം സപ്തംബർ 14-ന് അർപ്പണബോധമുള്ള കുട്ടികളുടെ കേന്ദ്രത്തിലെ വളൻറിയർമാരുടെ സഹായത്തോടെ കുട്ടികളുടെ എളിമയാർന്ന പരിപാടികളോടെ ഉദ്ഘാടനം നടത്തി

## മൂല്യവിദ്യാഭ്യാസം വാർത്തകൾ

### ന്യൂഡൽഹി

ഏപ്രിൽ 2014 മുതൽ ആംബിയൻസ് പബ്ലിക് സ്കൂളിൽ പരിപാടി ആരംഭിച്ചു. ആഴ്ചയിലൊരിക്കൽ ക്ലാസ്സ് സംഘടിപ്പിച്ചു. ആരംഭത്തിൽ കുട്ടികൾ വലിയ ശുഷ്കാന്തി കാണിച്ചില്ലെങ്കിലും മൂന്നു ഭാഗങ്ങൾക്കുശേഷം 8-12 ക്ലാസ്സ് പാഠ്യപദ്ധതിയുമായി ഒത്തിണങ്ങി. ധൈര്യം, ആത്മാർത്ഥത, വിനയം എന്നീ എന്നീ മൂല്യങ്ങളാണ് ഇതുവരെ കഴിഞ്ഞത്. 'വിനയം' എന്ന മൂല്യചിന്ത എതിർപ്പുകളെ നേരിട്ടു. കുട്ടികൾ ഈ ക്ലാസ്സുകളിലൂടെ മൂല്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്, അത് എത്ര ചെറിയ രീതിയിലാണെങ്കിലും.

രണ്ടാമത്തെ സ്ഥാപനം പടിഞ്ഞാറെ ഡൽഹിയിലെ, വിദ്യാഭാരതി സ്കൂൾ, ജൂലൈ 2014 മുതൽ 8,9 ക്ലാസുകൾക്കായി ഈ സംരംഭം ആരംഭിച്ചു. 7 സെക്ഷനും ഒന്നുചേർന്നാൽ 400 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുക്കുന്നുണ്ട്. രണ്ടു സ്കൂളും ഡൽഹിയുടെ വ്യത്യസ്ഥമാർന്ന സാമൂഹിക സാംസ്കാരിക മേഘലയിലാണ്. സ്ഥിതി ചെയ്യുന്നതെങ്കിലും പ്രതികരണം രണ്ടിടത്തും ഒരു പോലെയാണ്.

### മുംബൈ, മഹാരാഷ്ട്ര

ഏകദേശം 45 ടീച്ചർമാർക്കായി നഗോതാനെയിലെ ജെ.എച്.അംബാനി വിദ്യാമന്ദിർ മറാഠി മീഡിയം സ്കൂളിൽ, ആഗസ്റ്റ്27-ന് ഒരു ബോധവൽക്കരണ വേദി ഒരുക്കി.സീമ ത്രിപാഠിയാണ് സൗമ്യവും ഫലപ്രദവുമായ ഈ പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ അവസാനത്തിൽ ചില ടീച്ചർമാർ ധ്യാനത്തെ കുറിച്ച് അന്വേഷണം നടത്തി. അഞ്ചാറു ടീച്ചർമാർ 8,9 ക്ലാസ്സുകൾക്കായി നടത്തുവാനുദ്ദേശിക്കുന്നതിന് വളൻറിയർമാർക്ക് എല്ലാവിധ സഹായവും വാഗ്ദാനം ചെയ്തു. കുട്ടികൾ, മാനുഷികമായ ഗുണഗണങ്ങളോടെ വളരുന്നതിനായുള്ള പൊതുവായ ലക്ഷ്യ ബോധത്തിന് മൂല്യാധിഷ്ടിത വിദ്യാഭ്യാസം പ്രയോജനപ്രദമാണെന്ന് പ്രിൻസിപ്പാൾ അഭിപ്രായപ്പെട്ടു. അവർ വളൻറിയർമാർക്ക് എല്ലാ സഹായവും വാഗ്ദാനം ചെയ്തു.

നിങ്ങളുടെ സെൻററിലെ സ്കൂളിൽ മൂല്യവിദ്യഭ്യാസം പരിപാടി തുടങ്ങാനാഗ്രഹിക്കുന്നുണ്ടെങ്കിൽ ഇമെയിലിൽ vbe@shpt.in എന്ന വിലാസവുമായോ അല്ലെങ്കിൽ നിങ്ങളുടെ സോണൽ ഇൻ ചാർജ്ജുമായോ ബന്ധപ്പെടുക

# ഷൊലവന്ദൻ ആശ്രമം, തമിഴ്നാട്

പ്രകാശകേന്ദ്രം





മധുരൈയിൽനിന്നും 28 കി.മി. അകലെയുള്ള ഒരു പഞ്ചായത്താണ് ഷൊലവന്ദൻ. ഇത് ഔദ്യോഗികമായി SRCM സെൻററായി തുടങ്ങിയത് 1987 ആഗസ്റ്റ് 5ൽ ഡോ. സദയാണ്ടിയുടെ വീട്ടിലാണ്. ആരംഭക്കാലത്ത് ഏകദേശം പതിനഞ്ചു അഭ്യാസിമാർ സത്സംഗത്തിനുണ്ടായിരുന്നു. മാസ്റ്റർ 70–80 കാലഘട്ടത്തിൽ അനവധി തവണ ഷൊലവന്ദൻ സന്ദർശിക്കുകയും ഡോ.സദയാണ്ടിയുടെ വീട്ടിൽ സത്സംഗം നടത്തുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ഈ സെൻററിൻെറ വളർച്ചക്കും പുരോഗതിക്കും വ്യക്തിപരമായ താൽപര്യം കാണിച്ചിരുന്നു.



## ആശ്രമം

ആശ്രമത്തിൻെറ ആവശ്യകത തോന്നിയപ്പോൾ, ഡോ. സദയാണ്ടി 2 ഏക്കർ 43 സെൻറ് സ്ഥലം ഷൊലവന്ദൻ റെയിൽവേ സ്റ്റേഷനു സമീപത്തായി വാങ്ങിയതിൽ 20 സെൻറ് ആശ്രമത്തിനായി നൽകി. ആശ്രമത്തിൻെറ നിർമ്മാണം 1996ൽ അഭ്യാസികളുടെ സംഭാവനയുടേയും ഹെഡ്ക്വാർട്ടേർസിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെയും ആരം ഭിച്ചു. സഹോദരൻ എ.പി.ദുരൈ 1998 ആഗസ്റ്റ് 24–ന് ഇവിടെ നിർമ്മാണ സമയത്ത് സന്ദർശിച്ച് ആവശ്യമായ എല്ലാ സഹായവും ചെയ്തു. 1999 മേയ് 12–ന് ആശ്രമം രജിസ്റ്റർ ചെയ്തു. 2000 ജനുവരി 12–ന് മാസ്റ്റർ ഉദ്ഘാടനം നടത്തി. പല സെൻററുകളിൽ നിന്നുമായി 300ൽ അധികം അഭ്യാസികൾ ഉദ്ഘാടന സമയത്ത് ഉണ്ടായിരുന്നു.



52X22 അടി വലുപ്പമുള്ള ധ്യാനമന്ദിരത്തിൽ 200 അഭ്യാസികൾക്ക് ഇരിക്കാനാകും. അതിനു പുറമെ അടുക്കള, ലൈബ്രറി, ശൗചാലയം എന്നിവയുമുണ്ട്. പല പൊതുസദസ്സുകളിലൂടെയും അഭ്യാസികളുടെ ബലം പടിപടിയായി വർദ്ധിച്ച് ഇപ്പോൾ ഇവിടെ നടക്കുന്ന ഞായറാഴ്ച സത്സം ഗത്തിൽ 110 പേർ മുടങ്ങാതെ പങ്കെടുക്കുന്നുണ്ട്. എല്ലാ മൂന്നാമത്തെ ഞായറാഴ്ച മുഴുദിന പരിപാടിയും നാലാമത്തെ ഞായറാഴ്ച്ച വളൻറിയർ സേവനവും ഉണ്ട്. സെൻററിലുള്ള ശക്തമായ യുവജന വിഭാഗം ആത്മീയ അവബോധം പ്രചരിപ്പിക്കുന്നുണ്ട്. അവർ ക്രെസ്റ്റ് പരിപാടിയിൽ പങ്കെടുക്കുക, സാധനയെക്കുറിച്ച് അവബോധപരമായ ലഘുഅവതരണം നടത്തുക, കൂട്ടായ ചർച്ചകളിൽ പങ്കാളിത്തം, വ്യക്തിത്വ വികസന പരിപാടി സംഘടിപ്പിക്കുക തുടങ്ങിയവയിൽ സജീവമാണ്. ഡിൻഡിഗൽ, ബാട്ലഗുണ്ടു, വഡിപട്ടി തുടങ്ങിയ സെൻററുകളിലെ പ്രാരംഭ വളർച്ചയിൽ അവർ ശ്രദ്ധാലുക്കളാണ്.



To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2014 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.